## 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2541** **15-10-2024 - ൽ മറുപടിയ്ക്ക്**

## വൈദ്യുതി മോഷണ കേസുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>ഡോ. എം. കെ. മുനീർ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വൈദ്യുതി മോഷണങ്ങൾ കണ്ടെത്തുന്നതിനും തുടർനടപടി സ്വീകരിക്കുന്നതിനും നിലവിലെ സംവിധാനം എന്തെല്ലാമാണ്; വിശദമാക്കുമോ; | (എ) | വൈദ്യുതി മോഷണം കണ്ടെത്തുന്നതിനും തുടർ നടപടികൾ സ്വീകരിക്കുന്നതിനു കെ.എസ്.ഇ.ബി.എൽ ചീഫ് വിജിലൻസ ഓഫീസറുടെ നേതൃത്വത്തിൽ ഒരു പ്രത്യേക സംവിധാനം നിലവിലുണ്ട്. ആന്റി പവർ തെഫ്റ്റ സ്ക്വാഡിന്റെ (APTS) ഘടന ഇപ്രകാരമാണ് തിരുവനന്തപുരവും കോഴിക്കോട്ടു ആസ്ഥാനമാക്കി രണ്ട് എക്സിക്യൂട്ടീവ എഞ്ചിനിയർമാരുടെ കീഴിൽ മേഖല ഓഫീസുകൾ പ്രവർത്തിച്ചു വരുന്നു. വൈദ്യുതി ദുരുപയോഗ പരിശോധനകൾ നടത്തുന്നതിനായി ഓരോ മേഖലയുടേയു അധികാര പരിധിയിൽ വരുന്ന എല്ലാ ജില്ലകൾക്കും ഓരോ അസിസ്റ്റന്റ് എക്സിക്യൂട്ടീവ എഞ്ചിനിയർമാരുടെ നേതൃത്വത്തിൽ ജില്ലാതല ആന്റി പവർ തെഫ്റ്റ് സ്ക്വാഡ (APTS) പ്രവർത്തിച്ചു വരുന്നു. സംസ്ഥാനത്ത ആകെ 14 ആന്റി പവർ തെഫ്റ്റ സ്ക്വാഡുകളാണ് പ്രവർത്തിച്ചുവരുന്നത്.<br><br>ഓരോ സ്ക്വാഡുകളും അവരുടെ പരിധിയിൽ വരുന്ന സെക്ഷനുകളിൽ പരിശോധന നടത്തുകയും അധിക വൈദ്യുതി ഉപയോഗിക്കുന്ന LT/HT/EHT ഉപഭോക്താക്കളുടെ വൈദ്യുതി ഉപയോഗ നിരന്തരം നിരീക്ഷിക്കുകയും മാസം തോറും 14 സ്ക്വാഡുകളേയും ഒരു ഇലക്ട്രിക്കൽ സർക്കിളിന്റെ കീഴിൽ പരിശോധന നടത്തിക്കുകയും ലഭിക്കുന്ന വൈദ്യുതി മോഷണം സംബന്ധിച്ച പരാതികളിൽ കൃത്യമായ പരിശോധന നടത്തിയും വൈദ്യുതി മോഷണം കണ്ടെത്താറുണ്ട്. |

| | | | |
|---|---|---|---|
| | | | ഇത്തരത്തിൽ കണ്ടെത്തുന്ന വൈദ്യുതി മോഷണ കേസുകളിൽ ഇലക്ട്രിസിറ്റി ആക്ട് 2003 സെക്ഷൻ 135 പ്രകാരം തുടർ നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | വൈദ്യുതി മോഷണവുമായി ബന്ധപ്പെട്ട കേസുകളുടെ കാട്ട തികയ്ക്കുന്നതിന് വേണ്ടി ആന്റി പവർ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ടോ; | (ബി) | ഇല്ല |
| (സി) | വൈദ്യുതി മോഷണവുമായി ബന്ധപ്പെട്ട് വിവിധ കോടതികളിലായി നിലനിൽക്കുന്ന കേസുകൾ കോടതിക്ക് പുറത്ത് തീർപ്പാക്കാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ? | (സി) | ഇല്ല |

സെക്ഷൻ ഓഫീസർ